**PHONE : 0484 - 2342485**
**FAX : 0484 - 2346091**
EMAIL : CEOKL@WAKF.GOV.IN
Website : www.keralastatewakfboard.in

**OFFICE OF THE KERALA STATE WAQFBOARD**
**V.I.P.ROAD, KALOOR,KOCHI-682 017**

**No.A1-1693/2021** **Date : 09-04-2021**

## സർക്കുലർ

വിഷയം :- കേരള സ്റ്റേറ്റ് വഖ്ഫ് ബോർഡ് - ആസ്ഥാന കാര്യാലയം - കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളും കോവിഡ് വാക്സിനേഷനും ഉർജ്ജിതപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന :- 08-04-2021-ാം തീയതിയിലെ ജില്ലാ മെഡിക്കൽ ഓഫീസറുടെ കത്തും സന്ദേശവും.

*******

കോവിഡ് 19 മഹാമാരി രണ്ടാം തരംഗത്തിൽ കോവിഡ് കേസുകളും മരണങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ സ്വീകരിക്കുന്നതിന് സൂചന പ്രകാരം ലഭിച്ച കത്തും സന്ദേശവും ഇതു സഹിതം പ്രസിദ്ധപ്പെടുത്തുന്നു.

ഉള്ളടക്കം : മേൽപ്രകാരം

ജൂനിയർ സൂപ്രണ്ട്

1692

KERALA STATE WAQF BOARD
09 APR 2021
ERNAKULAM, KOCHI-682017

പ്രേഷിതൻ
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)
എറണാകുളം

സ്വീകർത്താവ്
സെക്രട്ടറി
വഖഫ് ബോർഡ്
എറണാകുളം

സർ,

**വിഷയം: കോവിഡ് 19 - പ്രതിരോധ പ്രവർത്തനങ്ങളും കോവിഡ് വാക്സിനേഷനും ഊർജിതപ്പെടുത്തുന്നത് സംബന്ധിച്ച്;**

കോവിഡ് 19 മഹാമാരി രണ്ടാം തരംഗത്തിൽ രാജ്യത്ത് കോവിഡ് കേസുകളും, മരണങ്ങളും വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ വാക്സിനേഷനുൾപ്പടെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തേണ്ടതായിട്ടുണ്ട്. 45 വയസ്സിന് മുകളിലുള്ളവർക്ക് വേണ്ടി ഇപ്പോൾ നടക്കുന്ന വാക്സിനേഷൻ ക്യാമ്പയിൻ അർഹതപ്പെട്ട എല്ലാവരിലേക്കും എത്രയും വേഗം എത്തിക്കേണ്ടതായിട്ടുണ്ട്. ഇതിൻ്റെ ഭാഗമായി കോവിഡ് വാക്സിനേഷനെകുറിച്ചുള്ള അവബോധം ഉണ്ടാക്കുന്നതിനും, അർഹതപ്പെട്ട എല്ലാവരും വാക്സിൻ എടുക്കണമെന്ന അഭ്യർത്ഥനയും എല്ലാ അംഗങ്ങളിലേക്കും എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ഇതോടൊപ്പം തന്നിരിക്കുന്ന സന്ദേശം ജുമാ നമസ്കാരത്തിന് മുന്നോടിയായി എല്ലാ പള്ളികളിലും അറിയിപ്പ് നൽകണമെന്നു കൂടി അഭ്യർത്ഥിക്കുന്നു

വിശ്വസ്തതയോടെ

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)
എറണാകുളം, 8/4/21

KERALA STATE WAGE BOARD
09 APR 2021
ERNAKULAM, KOCHI-682017

## സന്ദേശം

പ്രതിദിനം കോവിഡ് കേസുകളും, മരണങ്ങളും കൂടി വരികയാണ്. ആയതിനാൽ നിലവിലെ മാനദണ്ഡമനുസരിച്ച് 45 വയസ്സിന് മുകളിലുള്ള എല്ലാവരും എത്രയും പെട്ടെന്ന് വാക്സിനെടുത്ത് സ്വയം സുരക്ഷിതരാകേണ്ടതാണ് വാക്സിനെടുക്കുന്നതോടൊപ്പം, മറ്റ് കോവിഡ് പ്രതിരോധ മാർഗങ്ങളായ മാസ്ക് ധരിക്കുകയും, ശാരീരിക അകലം പാലിക്കുകയും, കൈകൾ ശുചിയാക്കുകയും വേണം. പനിയും മറ്റ് രോഗലക്ഷണങ്ങളുള്ളവരും സ്വയം നിരീക്ഷണത്തിൽ പോകേണ്ടതും , ടെസ്റ്റിംഗിന് വിധേയമാകേണ്ടതുമാണ്.

കോവിഡ് മഹാമാരിക്കെതിരെ പ്രതിരോധം തീർക്കാൻ ഓരോരുത്തരും സ്വയം മുന്നോട്ടുവന്ന് വാക്സിൻ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചു കൊള്ളുന്നു.